"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ജീവനക്കാര്യം - വയനാട്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ട് ഓഫീസിൽ, സീനിയർ ക്ലാർക്ക് (ഹയർ ഗ്രേഡ്) ആയ ശ്രീ.ജോബി വി.യു.നെ വയനാട് ജില്ലാ ശുചിത്വ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.2250/2025/LSGD തീയതി, തിരുവനന്തപുരം, 19-09-2025

---

പരാമർശം:-
1. സർക്കുലർ നം.42/2013/ധന. തീയതി.10.05.2013
2. സ.ഉ.(പി) നം.580/2013/ധന തീയതി. 28.11.2013
3. സ.ഉ.(കൈ)നം.72/2019/ത.സ്വ.ഭ.വ. തീയതി. 23.06.2019
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/07/2025-ലെ SM/2359/2025-B2(3) നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം.), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും, ടി തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും, പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിൻ പ്രകാരം വയനാട് ജില്ലാ ശുചിത്വമിഷൻ ഓഫിസിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ട് ഓഫീസിൽ, സീനിയർ ക്ലാർക്ക് (ഹയർ ഗ്രേഡ്) ആയ ശ്രീ.ജോബി.വി.യു.നെ അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം(4) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, വയനാട് ജില്ലാ ശുചിത്വ മിഷൻ ഓഫീസിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിലേയ്ക്ക് വയനാട് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡിസ്ട്രിക്ട് ഓഫീസിൽ, സീനിയർ ക്ലാർക്ക് (ഹയർ ഗ്രേഡ്) ആയ ശ്രീ.ജോബി വി.യു.നെ കെ.എസ്.ആർ. ഭാഗം-I ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും, അന്യത്രസേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

ശ്രീ.ജോബി വി.യു. (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ &ആർ. എസ്.എ/ജി &എസ് എസ് എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (IA2/137/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 19-09-2025 15:20:54